പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2247 8.3.2017 -ൽ മറുപടിയ്ക്ക്

## വയനാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണം

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ. സി.കെ.ശശീന്ദ്രൻ:</td><td colspan="2">മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി).</td></tr>
<tr><td>എ)</td><td>കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ വയനാട് സന്ദർശിച്ച തദ്ദേശ , വിദേശ വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;</td><td>എ)</td><td>വയനാട് സന്ദർശിച്ച വിനോദ സഞ്ചാരികൾ<br><table><tr><th>വർഷം</th><th>വിദേശ വിനോദ സഞ്ചാരികൾ</th><th>ആഭ്യന്തര വിനോദസ ഞ്ചാരികൾ</th><th>ആകെ</th></tr><tr><td>2012</td><td>9541</td><td>480125</td><td>489666</td></tr><tr><td>2013</td><td>10844</td><td>519306</td><td>530150</td></tr><tr><td>2014</td><td>11795</td><td>564274</td><td>576069</td></tr><tr><td>2015</td><td>12377</td><td>607335</td><td>619712</td></tr><tr><td>2016</td><td>7067</td><td>586146</td><td>593213</td></tr></table></td></tr>
<tr><td>ബി)</td><td>തദ്ദേശ, വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ ;</td><td>ബി)</td><td>തദ്ദേശ, വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ<br>1. ജില്ലയിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. ടൂറിസം സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്ന സമഗ്ര ടൂറിസം വികസന പദ്ധതിയായ ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ വയനാടും ഉൾപ്പെടുന്നു.<br>2. ജില്ലകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വിപണനവും പ്രചാരണവും ലക്ഷ്യമാക്കിയുള്ള പ്രൊമോഷൻ വീഡിയോകൾ ഡി.റ്റി.പി.സി മുഖേന തയ്യാറാക്കിയിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| സി) | വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ? | സി) | സ്വീകരിക്കുന്നതാണ്.<br>1. വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നിലവിൽ വയനാട് അഡ്വഞ്ചർ ക്യാമ്പ്, കർലാട് തടാകത്തിൽ സിപ്പ് ലൈൻ, കയാക്കിംഗ്, റോക്ക് ക്ലൈംബിംഗ് എന്നിവ പ്രവർത്തനക്ഷമമാണ്. സോർബിംഗ്, പെയിന്റ് ബോൾ, ആർച്ചറി എന്നിവ പ്രവർത്തന സജ്ജമാക്കിക്കൊണ്ടിരിക്കുന്നു.<br>2. കടുവക്കുഴി/ചീങ്ങേരി മല, ഫാന്റം റോക്ക് എന്നീ അഡ്വഞ്ചർ ടൂറിസം സെന്ററുകളുടെ നിർമ്മാണം/അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ